# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3686 15.12.2014 -ലെ മറുപടിയ്ക്ക്**

## പ്രീ സർവ്വീസ് പരിശീലനം

**ചോദ്യം**

**ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

**ഉത്തരം**

**ശ്രീ. ഉമ്മൻചാണ്ടി**

**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം തസ്തികകളിലാണ് പ്രീ സർവ്വീസ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | ലഭ്യമായ വിവരങ്ങൾ പ്രകാരം കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റ് തസ്തിക; വിജിലൻസ് & ആന്റീകറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ തസ്തിക ; വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തിക; സർവ്വെയും ഭൂരേഖയും. വകുപ്പിലെ സർവ്വെ സൂപ്രണ്ട് തസ്തിക, ലാന്റ് റവന്യൂ വകുപ്പിലെ പി.എസ്.സി മുഖേന നേരിട്ട് നിയമനം ലഭിക്കുന്ന ഡെപ്യൂട്ടി കളക്ടർ തസ്തിക, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ; വാണിജ്യ നികുതി വകുപ്പിൽ നേരിട്ട് നിയമനം ലഭിക്കുന്ന കൊമേഴ്സ്യൽ ടാക്സ് ഓഫീസർ തസ്തിക, ക്ഷീരവികസന വകുപ്പിൽ ഡയറിഫാം ഇൻസ്ട്രക്ടർ തസ്തിക; ആരോഗ്യവകുപ്പിനു കീഴിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ അനലിസ്റ്റ് ഗ്രേഡ് III , ഡ്രഗ്സ് ഇൻസ്പെക്ടർ, നഗരകാര്യ വകുപ്പിൽ മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III; ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, പട്ടികജാതി വികസനവകുപ്പിലെ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II എന്നീ തസ്തികകളിൽ പ്രീ സർവ്വീസ് പരിശീലനം നൽകുന്നുണ്ട്. |
| (ബി) | പ്രീ സർവ്വീസ് പരിശീലനം സർവ്വീസായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | ഇവയിൽ വിജിലൻസ് & ആന്റീകറപ്ഷൻ ബ്യൂറോയിലെ അഡീഷണൽ ലീഗൽ അഡ്വൈസർ, വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, സിവിൽ സപ്ലൈസ് വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ എന്നിവർക്ക് നൽകുന്ന പ്രീ സർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസ് ആയി പരിഗണിക്കുന്നുണ്ട്. കേരള ജനറൽ സർവ്വീസിലെ ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പ്രീസർവ്വീസ് |

| | | | |
|---|---|---|---|
| | | | പരിശീലനകാലം, ഡയറിഫാം ഇൻസ്ട്രക്ടർ തസ്തികയിലെ പ്രീസർവ്വീസ് പരിശീലനം,വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തികയിൽ നിയമനം ലഭിക്കുന്നവർക്കുള്ള പ്രീ സർവ്വീസ് പരിശീലനകാലം എന്നിവ സർവ്വീസായി പരിഗണിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ബാക്കിയുള്ള തസ്തികകളിലെ പ്രീ സർവ്വീസ് പരിശീലനകാലം ഇൻ സർവ്വീസ് ആയി പരിഗണിക്കുന്നതിന് പ്രൊപ്പോസൽ നിലവിലില്ല. |

സെക്ഷൻ ഓഫീസർ